(ഡി) 31-1-2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 10 ശതമാനം പോലും ചെലവഴിക്കാത്ത വകുപ്പുകൾ ആഭ്യന്തരം, നിയമം, ആസൂത്രണം, റവന്യൂ എന്നിവയാണ്. പദ്ധതി വിനിയോഗം മാർച്ച് 31-ന് മാത്രമേ പൂർത്തിയാവുകയുള്ളൂ. അതിനുശേഷം മാത്രമേ പദ്ധതി വിനിയോഗം സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

(ഇ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയും 31-1-2016 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

2016-17-ലെ വാർഷിക പദ്ധതി

66 (1440) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് രൂപം നല്കുമ്പോൾ, സംസ്ഥാനത്തിന്റെ വരുമാന സ്രോതസുകളിൽ വർദ്ധന പ്രതീക്ഷിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പിന്നിട്ട വർഷങ്ങളിലെ നികുതി പിരിവിന്റെയും റബ്ബറുൾപ്പെടെ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന്റെയും മറ്റും പശ്ചാത്തലത്തിൽ, വരുമാനത്തിലെ അമിത പ്രതീക്ഷ, പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുമോ;

(സി) 2015-16-നെ അപേക്ഷിച്ച് ഏതെല്ലാം മേഖലയിൽ പദ്ധതിക്ക് കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്; ഏതെല്ലാം മേഖലയിൽനിന്ന് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ എല്ലാ വിധ വരുമാനവും വായ്പാ പരിധിയും കണക്കിലെടുത്തുകൊണ്ടും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന് രൂപം നൽകുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതി മേഖലയിൽനിന്നാണ് 2016-17-ൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നത്.

(സി) താഴെപ്പറയുന്ന മേഖലകൾക്കാണ് 2015-16 നെ അപേക്ഷിച്ച് കൂടുതൽ പരിഗണന നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കൃഷി

2. മൃഗപരിപാലനം

3. മത്സ്യബന്ധനം

4. ജലസേചനം

5. ഊർജ്ജം

6. വ്യവസായം

7. റോഡുകളും പാലങ്ങളും

8. ഐ.ടി.-ഇ ഗവേർണസ്

9. വനവും വന്യജീവികളും

10. ടൂറിസം

11. പൊതുജനാരോഗ്യം

12. ശുദ്ധ ജലവിതരണം

13. നഗര വികസനം

സംസ്ഥാനത്തിന്റെ തനത് നികുതി മേഖലയിൽ നിന്നാണ് കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നത്.

ഡയറി യൂണിറ്റുകൾ

67 (1441) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുതുതായി എത്ര ഡയറി യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിരുന്നുവോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും വകകൊള്ളിച്ചു; അതിൽ എത്ര തുകവരെ ചെലവഴിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കുമോ; ?

LIBRARY ARCHIVES Kerala Legislative Assembly